LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പ് പ്രഖ്യാപിച്ച പദ്ധതികൾ

128 (100) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും ഗതാഗത വകുപ്പ് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി ഗതാഗത വകുപ്പിനായി വകയിരുത്തപ്പെട്ട പദ്ധതി തുകയും, അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും, ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്രശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കിയുള്ള തുക എത്ര;

(സി) ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്രവീതമായിരുന്നു; വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

കായികവകുപ്പ് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതിയും ബഡ്ജറ്റ് വിഹിതവും

129 (101) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും കായിക വകുപ്പ് വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി കായിക വകുപ്പിന്

വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കിനിൽപ്പുള്ള തുക എത്രയാണ്;

(സി) ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ) വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) 2011-12-ൽ 1,84,99,000 രൂപയും

2012-13-ൽ 9,99,69,900 രൂപയും

2013-14-ൽ 5,67,99,000 രൂപയും

2014-15-ൽ 3,92,31,000 രൂപയും പുനർ വിന്യാസം മുഖേന കായിക യുവജനകാര്യാലയം ചെലവഴിച്ചിട്ടുണ്ട്.

സർക്കാരിന്റെ ആദ്യ വർഷങ്ങളിൽ പ്രഖ്യാപിക്കപ്പെട്ട മിക്ക പദ്ധതികളും ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കായിക വികസന നിധിയുടെ പ്രവർത്തനത്തിനായി ട്രസ്റ്റ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011-12-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട ചില പ്രധാന സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തർദ്ദേശീയ നിലവാരത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. 35-ാം ദേശീയ കായികമേള വിജയകരമാക്കാൻ കാര്യവട്ടം യൂണിവേഴ്സിറ്റി സ്റ്റേഡിയം, വട്ടിയൂർക്കാവ് പോളിടെക്നിക് സ്റ്റേഡിയം, കോഴിക്കോട് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയം എന്നിവയെ ആനുറ്റി അടിസ്ഥാനത്തിൽ നിർമ്മിക്കാൻ തെരഞ്ഞെടുത്തിട്ടുണ്ടെന്നും ഇതിനായി 120 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും പ്രഖ്യാപിച്ചിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ദേശീയ ഗെയിംസിനു വേദിയാകുന്നതിനുവേണ്ടി ചില പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനും നിലവിലുള്ളവയുടെ നവീകരണത്തിനും തുടക്കം കുറിച്ചു. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം ആന്വിറ്റി അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അതിനുള്ള പ്രവർത്തനം 2011-12-ൽ ഊർജ്ജിതമായി മുന്നോട്ടു പോകുകയും ചെയ്തു. മറ്റു 3 ആന്വിറ്റി സ്റ്റേഡിയങ്ങളുടെയും നിർമ്മാണം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു.

ആന്വിറ്റി അടിസ്ഥാനത്തിൽ പ്രഖ്യാപിച്ച കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം പൂർത്തീകരിച്ച് ദേശീയ കായികമേളയുടെ ഉദ്ഘാടന സമാപന ചടങ്ങുകളുടെ വേദിയാക്കുകയുണ്ടായി. മറ്റു മൂന്നു സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ടെണ്ടർ നടപടികൾ സ്വീകരിച്ചുവെങ്കിലും ആവശ്യമായ പ്രതികരണം ലഭ്യമാകാത്തതിനാൽ ഇനിയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

35-ാം ദേശീയ ഗെയിംസിന്റെ തീയതി പ്രഖ്യാപിയ്ക്കുന്നതിലുണ്ടായ കാലതാമസം കാരണം ദേശീയ ഗെയിംസിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2011-2012, 2012-2013 വർഷങ്ങളിൽ അധികം തുക ചെലവഴിക്കുകയുണ്ടായില്ല. 2012-2013 വർഷം മുതൽ ദേശീയ ഗെയിംസിനായി ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തുകയും ആവശ്യമുള്ള തുക 5475-00-800-92- (Plan) Major Infrastructure Development Projects എന്ന ശീർഷകത്തിൽ നിന്ന് തുക അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്. 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ സംസ്ഥാനത്ത് വിജയകരമായി സംഘടിപ്പിക്കപ്പെട്ട 35-ാം ദേശീയ ഗെയിംസിന്റെ ഭാഗമായി നവീകരിച്ച/നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ വിശദാംശം അനുബന്ധം-3-ൽ* കാണാവുന്നതാണ്.

വിവിധ ഫണ്ടുകൾക്കായി വകയിരുത്തിയ തുക

130 (102) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം തൊഴിൽ സംരംഭകർക്കായി 2015-16 വർഷ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ക്രെഡിറ്റ് ഗ്യാരണ്ടി ഫണ്ട്, സീഡ് ഫണ്ട്, ഏയ്ഞ്ചൽ ഫണ്ട്, ഇൻകുബേഷൻ ഇൻഫ്രാസ്ട്രക്ചർ ചലഞ്ച് ഫണ്ട് എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക എത്ര; വകയിരുത്തിയ ഫണ്ടിൽ നിന്ന് ഇതിനകം പിൻവലിച്ച തുക എത്ര;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly